"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോന്നി സർക്കാർ മെഡിക്കൽ കോളേജിന് വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന സർക്കാരിതര ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് പ്രിൻസിപ്പാളിന്റെ പേരിൽ പി.ഡി അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ. ഉ. (സാധാ) നം. 7688/2022/ധന.** **തീയതി, തിരുവനന്തപുരം, 14.11.2022**

പരാമർശം :- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 17.10.2022 തീയതിയിലെ എ 1/4720/2022/മെ.വി നമ്പർ കത്ത്.

**ഉത്തരവ്**

കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ 100 എം. ബി. ബി. എസ് സീറ്റുകൾ അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന മിസല്ലേനിയസ് ഫീ & വാൻ ഫീ എന്നിവ നിക്ഷേപിക്കുന്നതിന് കോന്നി സബ് ട്രഷറിയിൽ പ്രിൻസിപ്പലിന്റെ പേരിൽ പി.ഡി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന മിസല്ലേനിയസ് ഫീ, വാൻ ഫീ തുടങ്ങിയ സർക്കാതിര ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് കോന്നി സബ് ട്രഷറിയിൽ പ്രിൻസിപ്പലിന്റെ പേരിൽ, അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തോടെ, ഒരു പി.ഡി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (UO (F) No. 2236547/HEALTH-K1/297/2022-HEALTH കമ്പ്യൂട്ടർ നമ്പർ 2178618 പ്രകാരം)
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No: E- 2241196)

ഉത്തരവിൻ പ്രകാരം

Maji. C

സെക്ഷൻ ഓഫീസർ